"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ബജറ്റ് പ്രവൃത്തി - 2023-24 - പാലക്കാട് ജില്ല - കോങ്ങാട് നിയോജകമണ്ഡലത്തിലെ മണ്ണൂർ ഗ്രാമ പഞ്ചായത്തിലെ **'കുണ്ടളശ്ശേരി ബഡ്സ് സ്കൂൾ'** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2671/2025/LSGD തീയതി,തിരുവനന്തപുരം, 05-11-2025

പരാമർശം:-
1) 28/4/2021 ലെ സ.ഉ (പി) നം 67/2021/ഫിൻ നമ്പർ ഉത്തരവ്
2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 31.07.2025 ലെ LSGD/PD/21447/2025-DB5 നമ്പർ കത്ത്

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അനുബന്ധം II, വാല്യം II, ക്രമ നം. 10 ആയി ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ കോങ്ങാട് നിയോജകമണ്ഡലത്തിൽ മണ്ണൂർ ഗ്രാമപഞ്ചായത്തിലെ **'കുണ്ടളശ്ശേരി ബഡ്സ് സ്കൂൾ'** എന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി മുഖേന PMC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് കോങ്ങാട് നിയോജകമണ്ഡലം എം.എൽ.എ. കത്ത് നൽകിയതിനെ തുടർന്ന് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായും, പാലക്കാട് ജില്ലാപഞ്ചായത്ത് കാര്യാലയത്തിന്റെ ഓഫീസ് നടപടിക്രമത്തിന്റേയും അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത അക്രഡിറ്റ് ഏജൻസികളിൽനിന്നും PMC വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് സെന്റേജ് നിരക്ക് രേഖപ്പെടുത്തിയ M/s. KEL മാമല, കൊച്ചി എന്ന സ്ഥാപനത്തിന്റെ കുറവ് നിരക്ക് സെന്റേജായ 7.2% നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് ടി സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച നൂറ് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൻമേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന പലക്കാട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ അംഗീകൃത അക്രഡിറ്റ് ഏജൻസികളിൽനിന്നും PMC വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് സെന്റേജ് നിരക്ക് രേഖപ്പെടുത്തിയ M/s. KEL മാമല, കൊച്ചി എന്ന സ്ഥാപനത്തിന്റെ കുറവ് നിരക്ക് സെന്റേജായ 7.2% നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ 2023-2024 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തുപണികളുടെ വിശദവിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 10 ആയി 20% തുക വകയിരുത്തിയ മണ്ണൂർ ഗ്രാമപഞ്ചായത്തിലെ **'കുണ്ടളശ്ശേരി ബഡ്സ് സ്കൂൾ'** പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ (നൂറ് ലക്ഷം രൂപയുടെ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92 (NP)

എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, മണ്ണൂർ ഗ്രാമപഞ്ചായത്ത്,പാലക്കാട് ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3278454/DEV-3/257/2025-Fin dated 24.10.2025) (AS/LGD/25/47443)

കരുതൽ ഫയൽ (ഡി.ബി1/299/2025/എൽ.എസ്.ജി.ഡി).

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 05-11-2025 16:39:00

സെക്ഷൻ ഓഫീസർ